ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കാനായി 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ അമിതപ്പലിശക്കാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് 11-5-2014 മുതലാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയത്.

(ബി) അനധികൃത പണമിടപാട് നടത്തപ്പെടുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം നിയമ നടപടികൾക്ക് വിധേയമാക്കി അമിതപ്പലിശമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ടുള്ള ഉദ്ദേശ്യലക്ഷ്യം.

(സി) ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തുന്നുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 511, 468, 407, 420 വകുപ്പുകൾ പ്രകാരവും കേരള മണിലെന്റേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും 2012-ലെ കേരള പ്രൊഹിബിഷൻ ഓഫ് ചാർജിംഗ് എക്സ്പ്ലോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ടിലെ വിവിധ ആക്ടുകൾ പ്രകാരവുമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്.

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

23 (*23) <u>ശ്രീ. തോമസ് ചാണ്ടി</u> :
<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടത്ത് മദർഷിപ്പുകൾ വരാതിരിക്കാനുള്ള നടപടികൾ ദുബായ് പോർട്ട് പ്രയോഗിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാൻഷിപ്പ്മെന്റ് രംഗത്തെ പരിചയമോ സ്വാധീനമോ വല്ലാർപാടത്തിന്റെ വളർച്ചയ്ക്ക് ദുബായ് പോർട്ട് പ്രയോജനപ്പെടുത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ഡി) കൊളംബോ തുറമുഖത്തോട് മത്സരിക്കാൻ കഴിയുംവിധം ദുബായ് പോർട്ട് നിരക്കുകൾ ക്രമീകരിക്കുന്നില്ലെന്നത് കണക്കിലെടുത്ത് കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള നിരക്കുകൾ കുറയ്ക്കണമെന്ന് ദുബായ് പോർട്ടിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ&ബി) വല്ലാർപാടത്ത് വലിയ കണ്ടെയ്നർ കപ്പലുകൾ കൊണ്ടുവരാനുള്ള ശ്രമമാണ് ദുബായ് പോർട്ട് വേൾഡ് ചെയ്യുന്നത്. 2015 ജൂലൈ മുതൽ 'ഗാലക്സ്' എന്ന പേരിലുള്ള ഒരു പുതിയ മെയിൻലൈൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൊറിയ മുതൽ ഗൾഫ് വരെയാണ് ഇതിന്റെ റൂട്ട്. കൂടാതെ കൂടുതൽ മെയിൻലൈൻ (ദീർഘദൂര) സർവ്വീസുകൾ ആരംഭിപ്പിക്കുവാൻ ദുബായ് പോർട്ട് വേൾഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ദുബായ് പോർട്ട് വേൾഡ് അവരുടെ ഷിപ്പിംഗ്/തുറമുഖ മേഖലകളിലെ പരിചയവും സ്വാധീനവും പ്രയോജനപ്പെടുത്തുന്നതായിട്ടാണ് കാണുന്നത്.

(ഡി) ദുബായ് പോർട്ട് വേൾഡ് ട്രാൻസ്ഷിപ്പ്മെന്റ് സേവനത്തിന് കൊളംബോ തുറമുഖത്തിന്റെ നിരക്കുകൾ തന്നെയാണ് ചുമത്തുന്നത്. മറ്റു കണ്ടെയ്നറുകൾക്ക് നിരക്കുകൾ കുറയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി - പുനരധിവാസ പാക്കേജ്**

**24 (*24)** ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. എ. ബേബി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികളും കടലുമായി ബന്ധപ്പെട്ട് തൊഴിൽ എടുക്കുന്നവരും അവഗണിക്കപ്പെടുന്നതായി അറിയാമോ ; എങ്കിൽ ഇത് തിരുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) പദ്ധതിക്കായി തൊഴിലും തൊഴിലിടങ്ങളും നഷ്ടപ്പെടുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly